CHRISTIAN MUSICOLOGICAL SOCIETY OF INDIA

MUSIC

# ആ പാട്ടുകളുടെ ഈണം ഫാദർ. ആബേലിന്റേതായിരുന്നില്ല...!

ഷിജോ മാനുവൽ APRIL 19, 2019 10:34 AM IST...

https://www.manoramaonline.com/music/features/2019/04/13/untold-story-of-these-popular-songs.html



'പരമ്പരാഗതം' എന്ന വാക്കിന് 'പാരമ്പര്യമായി കിട്ടിയത്' എന്നാണ് അർഥം. കുഞ്ഞുനാളിൽ പള്ളി ക്വയറിൽ അംഗമായിരുന്നപ്പോൾ പാടിയിരുന്ന പല പാട്ടുകളുടെയും ഈണം ആരുടെതാണ് എന്ന എന്റെ കുഞ്ഞുസംശയത്തിന് 'പരമ്പരാഗതം' എന്നു മാത്രമാണ് മറുപടി കിട്ടിയിരുന്നത്....

പക്ഷേ, ആ നാളുകളിൽ കേൾക്കുവാൻ അവകാശമുള്ള ആകാശവാണിയിലെ ഏകപരിപാടി ഉച്ചയ്ക്കുള്ള 'രഞ്ജിനി– ശ്രോതാക്കൾ ആവശ്യപ്പെട്ട ചലച്ചിത്ര ഗാനങ്ങൾ' മാത്രമായിരുന്നു. അതിൽ എല്ലാ പാട്ടുകളുടെയും മുൻപിലോ പിൻപിലോ ആ പാട്ടിന്റെ ഉടമസ്ഥർ എന്ന് അന്നു കരുതിയിരുന്ന (ഇപ്പോഴാണല്ലോ ഓരോരുത്തരായി അവകാശം പറയാൻ തുടങ്ങിയത്)- - രചന, സംഗീതം, ആലാപനം എന്നിങ്ങനെ - എല്ലാവരുടെയും പേരുകൾ അനൗൺസ് ചെയ്യാറുണ്ടായിരുന്നു. ആ അറിവുകളുടെ കരുത്തിലാണ് കൗമാരക്കാരനായ ഞാൻ അമ്പത് നോയമ്പുകാലത്ത് ദിവസേന നടത്താറുള്ള ‘കുരിശിന്റെ വഴി’യിലെ 'കുരിശിൽ മരിച്ചവനേ' അടക്കമുള്ള പാട്ടുകളുടെ സംഗീത സംവിധായകൻ ആരെന്ന് അന്വേഷിച്ചത്.




പള്ളിയിൽ കിട്ടിയിരുന്ന 'കുരിശിന്റെ വഴി'യുടെ പുസ്തകത്തിൽ രചയിതാവായ ഫാ. ആബേൽ C.M.I എന്ന പേരുമാത്രമാണ് ഉണ്ടായിരുന്നത്. സഭയുടെ ആരാധനാ ക്രമങ്ങൾക്കായുള്ള പുസ്തകങ്ങളിൽ ആബേലച്ചന്റെ പേര് മിക്കവാറും കാണാറുള്ളതു കൊണ്ടുകൂടി അദ്ദേഹത്തോടുള്ള ആദരവ് വർധിക്കുകയും ഈണം അദ്ദേഹം നൽകിയതാണെന്ന് ധരിക്കുകയും ചെയ്തു. അക്കാലത്തിറങ്ങിയ 'കുരിശിന്റെ വഴി' കാസറ്റിൽ അച്ചന്റെ പേര് മാത്രം കണ്ടിരുന്നതുകൊണ്ട് സംശയങ്ങളും ഉണ്ടായില്ല.

പക്ഷേ ഈ പാട്ടുകളുടെയൊന്നും ഈണം ഫാ. ആബേലിന്റേതല്ല എന്നു തോന്നിത്തുടങ്ങിയത് 1987–88 കാലഘട്ടങ്ങളിൽ സിറോ മലബാർ സഭയുടെ കുർബാന പരിഷ്ക്കരിക്കപ്പെട്ടപ്പോളാണ്. പുതിയ പാട്ടുകളുടെ ഈണങ്ങൾ പ്രചരിപ്പിക്കാനായി പള്ളികളിൽ വിതരണം ചെയ്യപ്പെട്ട 'ബലിവേദിയിൽ' എന്ന കാസറ്റിലൂടെയായിരുന്നു ഈ തിരിച്ചറിവ്. സാബു, മിനി(മിൻമിനി), മേബിൾ തുടങ്ങിയവർ പാടിയ 'അന്നാ പെസഹതിരുന്നാളിൽ' എന്ന പാട്ട് അടങ്ങിയ ആ കാസറ്റിൽ സംഗീതസംവിധായകരായി ജാക്സൺ, ഫാ.തദേവൂസ് അരവിന്ദത്ത് എന്നീ പേരുകൾ കണ്ടു. അതോടൊപ്പം കാസറ്റുകൾ സർവസാധാരണമായിത്തുടങ്ങിയ അക്കാലത്ത് പള്ളികളിൽ പാടിയിരുന്ന പല പാട്ടുകളുടെയും സൃഷ്ടികർത്താക്കൾ ആരൊക്കെയാണെന്നു മനസ്സിലാക്കിത്തുടങ്ങി. പക്ഷേ അപ്പോഴും പാട്ടുപുസ്തകങ്ങളിൽനിന്നു മാത്രം പരിചയിച്ചതും ആരാധനക്രമങ്ങളിൽ ആലപിക്കപ്പെട്ടിരുന്നതുമായ പല പാട്ടുകളുടെയും സ്രഷ്ടാക്കൾ ആദ്യം സൂചിപ്പിച്ചതു പോലെ 'പരമ്പരാഗത'രായിത്തന്നെ തുടർന്നു. പരമ്പരാഗത വിശ്വാസികളാകട്ടെ ആ പാരമ്പര്യത്തിന്റെ ആരംഭം അന്വേഷിച്ച് പോയതുമില്ല.




ജോളി എബ്രഹാം

അവിശ്വാസികളുടെ ആത്മാവിന്റെ ആഴങ്ങളിൽ പോലും ആശ്വാസം നൽകിയിരുന്ന ആ ഈരടികളുടെയും ഈണങ്ങളുടെയും അവകാശികൾ ആരാലും അറിയപ്പെടാതെ വിസ്മൃതരായിക്കൊണ്ടേയിരുന്നു.

എല്ലാ നൊയമ്പുകാലങ്ങളിലും ആബേലച്ചന്റെ 'കുരിശിന്റെ വഴി'യിലെ പാട്ടുകൾ വിശ്വാസികൾ ഹ്യൃദയപൂർവം പാടി. പെസഹാ വ്യാഴാഴ്ചകളിൽ "താലത്തിൽ വെള്ളമെടുത്ത് വെൺകച്ചയുമരയിൽ ചുറ്റി" കാൽ കഴുകൽ ശുശ്രൂഷകൾ നടന്നു. ദുഖവെള്ളിയാഴ്ചകളിൽ 'ഗാഗുൽത്താ മലയിൽനിന്നും വിലാപത്തിൻ മാറ്റൊലി' കേട്ട് കയ്പുനീർ രുചിച്ച് ഹൃദയം നുറുങ്ങി നിന്നു. സ്രഷ്ടാക്കളെക്കാളും സൃഷ്ടികൾക്ക് പ്രാധാന്യം നൽകി എന്റെ അന്വേഷണങ്ങളെ 'പരമ്പരാഗത'മായി തന്നെ ഞാനും മറന്നു.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART